**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന് ഇടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 5.12.2024–ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് 2024-25, 2025-26 എന്നീ വർഷങ്ങളിലേക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജിൽ 2024-25-ൽ 2.39% വർദ്ധനവും, 2025- 26-ൽ 1.75% വർദ്ധനവുമാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. 2026-27-ലാകട്ടെ വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല .<br><br>സംസ്ഥാനത്തെ വിവിധ വിഭാഗം വൈദ്യുതി ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 45, 62, 64, 86 എന്നീവകുപ്പകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 -ലെ ചട്ടം 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്. സഞ്ചിതകമ്മി, വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടായ വർദ്ധനവ് പ്രവർത്തന പരിപാലന ചിലവ് എന്നിവ മൂലം വൈദ്യുതി നിരക്ക് വർദ്ധനവ് അനിവാര്യമായി തീർന്നു.<br><br>കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിലവിൽ വരുന്നതിന് മുമ്പ് സംസ്ഥാനത്ത് അവസാനമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷകാലയളവിനുശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, |

| | | | |
|---|---|---|---|
| | | | 2017 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012-ൽ 24%, 2013-ൽ 9.1%, 2014-ൽ 6.7%, 2017- ൽ 4.77%, 2019-ൽ 7.32%. 2022- ൽ 6.58%., 2023-ൽ 3.20% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന അംഗീകരിക്കപ്പെട്ട റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 28.06.2024-ലെ ട്രൂ അപ്പ് ഉത്തരവ് പ്രകാരം (2022-23) 01.04.2023 വരെയുള്ള സഞ്ചിത റവന്യൂകമ്മി 6408.37 കോടി രൂപയും, 2023-24 –ലെ ട്രൂ അപ്പ് പെറ്റീഷൻ പ്രകാരമുള്ള റവന്യൂ കമ്മിയായ 1323.95 കോടിരൂപയുംകൂടിച്ചേരുമ്പോൾ 31.03.2024-ലെ സഞ്ചിത കമ്മി 7732.32 കോടിരൂപയാകും.<br><br>2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴുവർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്. ഈ മുൻകാല കമ്മി കുറഞ്ഞൊരളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെതന്നെ ദോഷകരമായി ബാധിക്കും.<br><br>കൂടാതെ നിലവിലെ 5 വർഷ കൺട്രോൾ പീരീയിഡ് കാലയളവിൽ (2022 – 2027) വിവിധ കാരണങ്ങളാൽ വർദ്ധിച്ചു വരുന്ന പ്രവർത്തന പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധന നിക്ഷേപ പ്രവർത്തികൾക്കുള്ള ചെലവുകൾ എന്നിവ വർദ്ധിച്ചുവരുന്നു. അതിനാൽ ആവശ്യം വേണ്ട നിയമാനുസൃതമായ ചിലവുകൾ നിറവേറ്റുന്നതിനും, സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനും വേണ്ടി താരിഫ് പരിഷ്കരണം നിർദ്ദേശിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നിർബന്ധിതമായി. ഈ വസ്തുതകൾ എല്ലാം കണക്കിലെടുത്താണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണത്തിന് അനുമതി നൽകിയത്. |
| (ബി) | 2016 മെയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു എന്നും, എത്ര തവണ താരിഫ് പരിഷ്കരണം നടപ്പാക്കി എന്നും വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ അഞ്ച് തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട് . 2017, 2019, 2022, 2023, 2024 എന്നീ വർഷങ്ങളിലാണ് നിരക്ക് വർദ്ധിപ്പിച്ചത് . ഈ വർഷങ്ങളിലെല്ലാം തന്നെ താരിഫ് പരിഷ്കരണവും നടന്നിട്ടുണ്ട് . |
| (സി) | ഈ ഇനത്തിൽ നാളിതുവരെ എത്ര രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട് എന്ന് | (സി) | 2017-2018-ൽ 550 കോടി രൂപയുടെയും, 2019-2020-ൽ 902.90 കോടി രൂപയുടെയും, 2022-2023- |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | ൽ 760 കോടി രൂപയുടെയും 2023-2024-ൽ 532.50 കോടി രൂപയുടെയും അധിക വരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് ലഭിക്കുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 2024-25–ലെ താരിഫ് പരിഷ്കരണം മൂലം 146 കോടി രൂപയുടെ അധികവരുമാനം 05.12.2024 മുതലുള്ള കാലയളവിൽ ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന്കരുതുന്നു.<br><br>2015-16 മുതൽ 2023-24വരെയുള്ള അധിക വരുമാനം **അനുബന്ധം -1**ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | വർഷാവർഷം എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്തുനിന്ന് വാങ്ങുന്നത് എന്നറിയിക്കുമോ; ഇതിനുവേണ്ടി 2016 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | പുറത്തു നിന്നും വാങ്ങിയ വൈദ്യുതിയുടെ ചെലവ് **അനുബന്ധം -2**ആയി ചേർത്തിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തിന് വിലക്കുറവിൽ വൈദ്യുതി കിട്ടിക്കൊണ്ടിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കി ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ ഇടയാക്കിയ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; | (ഇ) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) 10.05.2023 ൽ ഇറക്കിയ ഉത്തരവ് പ്രകാരം താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിച്ചിരുന്ന നാലു ദീർഘകാല കരാറുകൾക്ക് (നാലു കരാറുകൾ ചേർന്ന് 465 MW ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ടെൻഡർ മാർഗ്ഗ രേഖയിൽ നിന്നുള്ള വ്യതിയാനം ചൂണ്ടിക്കാട്ടി അനുമതി നിഷേധിച്ചിരുന്നു.. തുടർന്ന് കരാറുകൾക്ക് അനുമതി നിഷേധിച്ച 10.05.2023 ലെ ഉത്തരവ് പിൻവലിച്ച് കരാർ പ്രകാരമുള്ള നിരക്കിൽ പ്രസ്തുത കമ്പനികളിൽ നിന്നും തുടർന്നും വൈദ്യുതി വാങ്ങുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് അനുമതി നല്കുന്നതിനായി വൈദ്യുതി നിയമത്തിലെ ചട്ടം 108 പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10.10.2023 നു സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്നു 29.12.2023 ലെ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃ സ്ഥാപിക്കുകയാണ് ഉണ്ടായത്. എന്നാൽ ഉത്പാദകർ മേൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി നൽകാൻ തയാറായില്ല. അവർ ബഹു. അപ്പലേറ്റ് ട്രൈബ്യൂണലിനെ (APTEL) 30.01.2024ൽ സമീപിക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ വാദം അംഗീകരിക്കാതെ, ജനറേറ്റർമാർക്ക് അനുകൂലമായി 26.07.2024 –ന് ബഹു. APTEL വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ കേരള സംസ്ഥാന വൈദ്യുതി |

| | | | |
|---|---|---|---|
| | | | ബോർഡ് ലിമിറ്റഡ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 30.09.2024ന് APTEL ന്റെ വിധി അംഗീകരിക്കുകയും എന്നാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് 10.5.2023ലെ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ APTEL-ൽ പോകാനുള്ള അനുമതി നൽകുകയും ചെയ്തു. കരാറുകൾക്ക് അനുമതി നിഷേധിച്ചതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നൽകിയ ഹർജി നിലവിൽ APTEL ന്റെ പരിഗണയിൽ ആണ്. ഇങ്ങനെ വൈദ്യുതി ലഭ്യതയിൽ വന്ന കുറവും, വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനുമായി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ഹ്രസ്വകാല കരാറുകളിലും വിവിധ ബാങ്കിങ് ക്രമീകരണങ്ങളിലും ഏർപ്പെട്ടിരുന്നു. അടിയന്തര സാഹചര്യങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വാങ്ങിയാണ് വൈദ്യുതി പ്രതിസന്ധി പരിഹരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതിക്ക് പീക്ക് സമയങ്ങളിൽ കൂടിയ വില നൽകേണ്ടി വന്നിട്ടുണ്ട്. |
| (എഫ്) | നിലവിൽ വൈദ്യുതി ബോർഡിന് എത്ര രൂപയുടെ കടമുണ്ടെന്ന് വ്യക്തമാക്കുമോ? | (എഫ്) | 31.03.2024-ലെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം, ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കടബാധ്യത 10865.54 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

**2015–16 മുതൽ 2023–24 വരെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിനുള്ള അധിക വരുമാനം**

| വർഷം | തുക (കോടിയിൽ) |
|---|---|
| 2015-16 | 798.17 |
| 2016-17 | 304.40 |
| 2017-18 | 1099.34 |
| 2018-19 | 1518.55 |
| 2019-20 | 807.42 |
| 2020-21 | 223.60 |
| 2021-22 | 1946.09 |
| 2022-23 | 2086.34 |
| 2023-24 | 1988.48 |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം – 2

## പുറത്തു നിന്നും വാങ്ങിയ വൈദ്യുതിയുടെ ചെലവ്

| വർഷം | തുക (കോടിയിൽ ) |
|---|---|
| 2015-16 | 6336.83 |
| 2016-17 | 7393.32 |
| 2017-18 | 7526.03 |
| 2018-19 | 7873.39 |
| 2019-20 | 8680 |
| 2020-21 | 7977.20 |
| 2021-22 | 8532.16 |
| 2022-23 | 11240.62 |
| 2023-24 | 12982.59 |

സെക്ഷൻ ഓഫീസർ